**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1402** **19-09-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, വിവിധ ജില്ലകളിലായി 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, തിരുവനന്തപുരത്തെ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും അനുബന്ധ സെന്ററുകളും തിരുവനന്തപുരം ജില്ലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയും ടൂറിസം മേഖലയിൽ പരിശീലനം നൽകുന്നതിന് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. കൂടാതെ കോട്ടയം ജില്ലയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ നിർമ്മാണം നടന്നു വരുന്നു.<br><br>ഈ സ്ഥാപനങ്ങൾ മുഖേനെ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിങ് ടെക്നോളജി എന്നീ മേഖലകളിൽ പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിനുള്ള പരിശീലനം നൽകുകയും, ഹോസ്പിറ്റാലിറ്റി മേഖലയോടുള്ള സമീപനം മെച്ചപ്പെടുത്തുകയും, പരിശീലനം നല്കി വരുകയും ചെയ്യുന്നു. ഡിഗ്രി കോഴ്സുകൾ, വിവിധ ഡിപ്ലോമ പ്രോഗ്രാമുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, കേന്ദ്ര ടൂറിസം വകുപ്പിന്റെയും കേരള ടൂറിസം വകുപ്പിന്റെയും വിവിധ ട്രെയിനിങ് പ്രോഗ്രാമുകൾ എന്നിവ ഈ സ്ഥാപനങ്ങൾ നടത്തി വരുന്നു. കോഴിക്കോട് SIHM ന്റെ അക്കാദമിക് ബ്ലോക്കിലെ പഠന സൗകര്യങ്ങൾ ഹൈടെക് നിലയിലേയ്ക്ക് ഉയർത്തുന്നതിനായി അതാത് സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ട് വിനിയോഗിച്ച് വിവിധ പ്രവൃത്തികൾ/പർച്ചേസുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ കോഴിക്കോട് SIHM ന്റെ അക്കാദമിക് |

ബ്ലോക്കിന്റെ ബാലൻസ് വർക്കുകൾ പൂർത്തീകരിക്കുന്നതിനായി 3,53,10,000/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. 2024 -25 വർഷം കോഴിക്കോട് SIHM ലെ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനായി 73.42 ലക്ഷം രൂപ ചെലവഴിച്ച് ലാംഗ്വേജ് ലാബും കംപ്യൂട്ടർലാബും വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ കാമ്പസ് നവീകരണത്തിനായി ലാൻഡ്സ്കേപ്പിംഗ് , മൾട്ടി പർപ്പസ് കോർട്ട് , സോളാർ പ്ലാൻറ് എന്നിവയ്ക്കായി 2.06 കോടിയിലധികം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് .

കോട്ടയത്ത് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് സ്ഥാപിക്കുന്നതിന് 30 കോടി രൂപയുടെ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹകരണത്തോടെ പുരോഗമിച്ചു വരുന്നു.. ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, രണ്ടാം നില എന്നിവയുടെ സ്ട്രക്ച്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ അക്കാദമിക് ബ്ലോക്കിന്റെ പൂർത്തീകരണത്തിനായി 35 കോടി 13 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിന്റെ (KIHM) സ്ഥിരം കാമ്പസ് നിർമ്മാണം പിണറായി എഡ്യുക്കേഷൻ ഹബ്ബിന്റെ ഭാഗമായി പൂർത്തീകരിക്കുന്നതോടെ AICTE അംഗീകാരത്തോടു കൂടി നാലുവർഷ ബി എച്ച് എം പ്രോഗ്രാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

ഹോട്ടൽ ടൂറിസം വ്യവസായത്തിന്റെ വിവിധ മേഖലകളിൽ നൈപുണ്യമുള്ള തൊഴിൽ വിഭാഗത്തെ വാർത്തെടുക്കുന്നതിനായി, പരിശീലനം നൽകുന്ന സ്ഥാപനമാണ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്. FCI യ്ക്ക് കീഴിൽ 13 ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. സ്ഥാപനത്തിന്റെ 13 ഇൻസ്റ്റിറ്റ്യൂട്ടുകളിൽ 4 എണ്ണം (കളമശ്ശേരി, തൃശ്ശൂർ, ഉദുമ & കണ്ണൂർ) സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. കോഴിക്കോട് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. തൊടുപുഴ, കോട്ടയം FCI യുടെ പുതിയ കെട്ടിട നിർമ്മാണം, കളമശ്ശേരി FCI യുടെ നവീകരണം, കംപ്യൂട്ടർ ലാബ് ആധുനികവൽക്കരണം, ഫർണിച്ചർ പർച്ചേസ്, ഉപകരണങ്ങൾ വാങ്ങുക എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കി മേൽ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | കിറ്റ്സിനെ ഒരു മികവിന്റെ കേന്ദ്രമാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം, പ്ലാൻ ഫണ്ടിൽ നിന്നും 115.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ടൂറിസ്റ്റ് ഗൈഡുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) | വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ തലത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി സംസ്ഥാനതല / പ്രാദേശികതല ടൂറിസ്റ്റ് ഗൈഡുകൾക്കും മുസ്സിരിസ് പ്രോജക്റ്റിനു കീഴിലുള്ള ഗൈഡുകൾക്കും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖേന പരിശീലനം നൽകി ടൂറിസ്റ്റ് ഗൈഡ് ലൈസൻസ് അനുവദിച്ചു വരുന്നു. കൂടാതെ ലൈസൻസ് നേടിയ ഗൈഡുകൾക്കു ഓരോ മൂന്നു വർഷം കൂടുമ്പോഴും കിറ്റ്സ് നടത്തുന്ന മൂന്നു ദിവസത്തെ റിഫ്രഷർ കോഴ്സിന്റെ അടിസ്ഥാനത്തിൽ ടൂറിസ്റ്റ് ഗൈഡ് ലൈസൻസ് പുതുക്കിയും നൽകുന്നു. |
| (സി) | ഇന്റർ നാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ്സ് മേഖലയിൽ നിലവിലെ സാധ്യതകൾക്കനുസരിച്ച് വികസിക്കുന്നതിനാവശ്യമായ കോഴ്സുകളും സ്ഥാപനങ്ങളും ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ്സ് മേഖലയിൽ നിലവിലെ സാധ്യതകൾക്കനുസരിച്ചും ടൂറിസം മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന സാധ്യതകൾക്കനുസരിച്ചും ഹോസ്പിറ്റാലിറ്റി രംഗത്തെ പുതിയ തൊഴിൽ അവസരങ്ങൾക്ക് സന്നദ്ധരാക്കുന്നതിനായി ബിരുദ / ഡിപ്ലോമ / സ്കിൽ പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട മേഖലകളിൽ ആവശ്യം വരുന്ന മുറക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്. |
| (ഡി) | ടൂറിസം മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഉതകുംവിധം പുതിയ കോഴ്സുകളും സ്ഥാപനങ്ങളും ആരംഭിക്കുമോ; വിശദമാക്കാമോ? | (ഡി) | ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ്സ് മേഖലയിൽ നിലവിലെ സാധ്യതകൾക്കനുസരിച്ചും ടൂറിസം മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന സാധ്യതകൾക്കനുസരിച്ചും ഹോസ്പിറ്റാലിറ്റി രംഗത്തെ പുതിയ തൊഴിൽ അവസരങ്ങൾക്ക് സന്നദ്ധരാക്കുന്നതിനായി ബിരുദ / ഡിപ്ലോമ / സ്കിൽ പരിശീലന കോഴ്സുകൾ നടത്തിവരുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട മേഖലകളിൽ ആവശ്യം വരുന്ന മുറക്ക് കോഴ്സുകൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ